# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2493** **09.12.2014** ൽ മറുപടിയ്ക്ക്

### ചവറ റേഞ്ച് - ധാതുമണൽ സമ്പത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.കെ.ശിവദാസൻ നായർ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ചവറ റേഞ്ച് എന്നറിയപ്പെടുന്ന നീണ്ടകര മുതൽ കായംകുളംവരെയുള്ള തീരത്തുള്ള ധാതുമണൽ സമ്പത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ നീണ്ടകര മുതൽ കായംകുളം പൊഴിവരെയുള്ള കടൽത്തീരവും, ആലപ്പാട്, അഴീക്കൽ, ചെറിയഴിക്കൽ, പന്മന, ശ്രായികടവ് എന്നീ ഭാഗങ്ങളിലും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കായംകുളം, കാർത്തികപ്പള്ളി, ചേർത്തല എന്നീഭാഗങ്ങളിലുമാണ് ധാതുമണൽ ധാരാളമായി കണ്ടുവരുന്നത്. ഈ പ്രദേശങ്ങളിൽ ചിലഭാഗത്ത് പൊതുമേഖലസ്ഥാപനങ്ങളായ കേരള മിനറൽ & മെറ്റൽസ് ലിമിറ്റഡ്(K.M.M.L), ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ്(I.R.E.L) എന്നീ സ്ഥാപനങ്ങൾക്ക് ധാതുമണൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ട്. K.M.M.L, ചവറ, ട്രാവൻകൂർ ടൈറ്റാനിയം( TTP), തിരുവനന്തപുരം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഇവിടെ നിന്നുള്ള ധാതുമണൽ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നു.<br>ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ മേഖലയിലെ ധാതുസമ്പത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സ്ഥല വാസികളെകൂടി വിശ്വാസത്തിലെടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ്, ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി, കേന്ദ്ര അറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റ് എന്നിവയുടെ കർശന നിയന്ത്രണത്തിലാണ് ഖനനം നടത്തുന്നത്. കൂടാതെ ഖനനത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും, തീരദേശ പരിപാലന അതോറിറ്റിയുടേയും മാർഗ്ഗനിർദ്ദേശങ്ങളും |
| (ബി) | ഇത് ഖനനം ചെയ്യുന്നതിനും ഗുണകരമായി വിനിയോഗിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | പാലിക്കുന്നുണ്ട്. ധാതുമണലിന്റെ ലഭ്യതക്കുറവ് മൂലം പൊതുമേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇ.എൽ, ട്രാവൻകൂർ ടൈറ്റാനിയം, കെ.എം.എം.എൽ എന്നീ കമ്പനികളുടെ സ്ഥാപതിതശേഷി പൂർണ്ണമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. |
| (സി) | കേരളത്തെ മറ്റൊരു ഗൾഫാക്കി മാറ്റാൻ സാധ്യതയുള്ളതാണ് ഈ ധാതുസമ്പത്തെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിച്ച്, പ്രദേശ വാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ധാതുമണൽ ഖനനം ചെയ്ത്, ശുദ്ധീകരിച്ച്, കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളായ KMML, TTP എന്നിവ മുഖാന്തിരം ഉല്പാദിപ്പിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ